

# നാമദേവർ


പ്രൊഫ. എസ്. രുഗ്മിണി ഗോപാലകൃഷ്ണൻ

റിട്ട. പ്രിൻസിപ്പാൾ,
സി.എം ഗവൺമെന്റ് മ്യൂസിക് കോളേജ്, പാലക്കാട്


ണ്ടരീപുരത്തിൽ വിട്ടലന്റെ സന്നിധിയിൽ സ്വയം മറ ന്നുകൊണ്ട് ഭക്തിയോടുകൂടി പാണ്ടുരംഗനെ നോക്കി ക്കൊണ്ട് നിൽക്കുകയായിരുന്നു നാമദേവർ. ആ കൃഷ് ണവിഗ്രഹത്തിന്റെ ഭംഗി ആവോളം നുകർന്ന് മനം മയ ങ്ങി നിൽക്കുകയായിരുന്നു അദ്ദേഹം. ഏകദേശം 25 വയ സ്സുള്ള ഒരു ചെറുപ്പക്കാരനായിരുന്നു നാമദേവർ.

ഈ ചെറുപ്രായത്തിൽതന്നെ കണ്ണനോട് ഇത്ര ഭക്തിയോ? നാട്ടുകാരും ലോകവും അദ്ദേഹത്തെ പുക ഴ്ത്തി. പക്ഷേ ഈ പുകഴ്ത്തൽ അദ്ദേഹത്തിന്റെ മനസിൽ തന്നെക്കാൾ വലിയ ഭക്തൻ ആരും ഇല്ല എന്ന ഒരു ഗർവ്വം ഉണ്ടാക്കി. അഹങ്കാരം എന്ന ചിന്ത ഒഴിവാ ക്കിയാൽ നാമദേവരെ കവച്ചുവയ്ക്കുന്ന മറ്റൊരു ഭക്തൻ ഈ ലോകത്തിലില്ല.

ഇത് മനസിലാക്കിയ പാണ്ടുരംഗൻ നാമദേവരെ എങ്ങനെ ഈ ദുർബുദ്ധിയിൽ നിന്നും മാറ്റിയെടുക്കാം എന്ന് ചിന്തിച്ചുകൊണ്ട് അദ്ദേഹത്തിനെത്തന്നെ നോക്കി നിന്നു. ദൈവീകശക്തി കൃഷ്ണനല്ലാതെ വേറെ ഒരു ദൈവത്തിനും ഇല്ല എന്ന് ഉറച്ചുവിശ്വസിക്കുന്ന ഒരു ഭക്തനാണ് നാമദേവർ. ഇവ്വിധം ചിന്തിക്കുന്നതിനാൽ പല അവതാരങ്ങൾ എടുക്കുന്ന പാണ്ടുരംഗത്തെ അദ്ദേ ഹം അംഗീകരിക്കുന്നതേ ഇല്ല.

'പണ്ടരീപുരമല്ലാതെ വേറൊരു സന്നിധി ഇല്ല' എന്ന് അദ്ദേഹം ഉറച്ച് വിശ്വസിക്കുന്നു. അതും ശരിയല്ലല്ലോ? ലോകം മുഴുവനും വ്യാപിച്ച് പരന്നുകിടക്കുന്ന ദൈവി കശക്തി ഒരേ ഒരു നാട്ടിൽ മാത്രം ഉണ്ടെന്ന് വിചാരി ക്കുന്നത് വിഡ്ഢിത്തമല്ലേ!

അദ്ദേഹത്തിന്റെ സമകാലീകനായ മറ്റൊരു ഭക്തനാ യ ഞ്ജാനദേവർ അന്ന് പണ്ടരീപുരം സന്ദർശിച്ചിരുന്നു. തന്റെ സഹോദരിയായ മുക്തയും സഹോദരങ്ങളായ നിവൃത്തി, സോപാനർ എന്നിവരും അദ്ദേഹത്തെ അനുഗ മിച്ചിരുന്നു. നാലുപേരും ഈശ്വരഭക്തിയിൽ ഉയർന്ന സ്ഥാനത്തുള്ള ഭക്തരായിരുന്നു. ഇവർക്കെല്ലാവർക്കും 25 വയസ്സിനുതാഴെയായിരുന്നു പ്രായം. നിസ്വാർത്ഥമായ തന്റെ ഭക്തി തെളിയിക്കുന്നതിനായി എരുമയെ സംസാ രിപ്പിച്ച ചരിത്രം അദ്ദേഹത്തിനുണ്ട്. നാമദേവരും ഞ്ജാന ദേവരും പരസ്പരം തങ്ങളെപ്പറ്റി കേട്ടിട്ടുണ്ടായി രുന്നു. പക്ഷേ ഇതാദ്യമായാണ് അവർ പരസ്പരം കണ്ടു മുട്ടുന്നത്. ഞ്ജാനദേവർ തന്നെക്കാൾ മൂത്തവനായ നാമ ദേവരെ തന്റെ സഹോദരീസഹോദരന്മാരോടൊത്ത് തേടി കണ്ടുപിടിച്ച് നമസ്ക്കരിച്ചു.

നാമദേവരും തിരിച്ച് നമസ്ക്കരിക്കേണ്ടതായിരുന്നു. പക്ഷേ അദ്ദേഹം അതിന് കൂട്ടാക്കിയില്ല. എത്രതന്നെ കൃഷ്ണഭക്തി ഉണ്ടായിരുന്നാലും തന്നെക്കാൾ പ്രായം കുറഞ്ഞവരെ നമസ്ക്കരിക്കുന്നത് എങ്ങനെ ശരി യാകും? മാത്രമല്ല അവർ ഇതുകൂടാതെ പല സ്ഥലങ്ങൾ ചുറ്റിസഞ്ചരിച്ച് യാത്രചെയ്ത് വന്നിട്ടുണ്ടാകാം? ലോക ത്തിലെ ഏറ്റവും ഉത്തമമായ സ്ഥലം പണ്ടരീപുരമല്ലേ? ഞാൻ വർഷങ്ങളായി ഇവിടെ താമസിക്കുന്ന ആളാ ണല്ലോ? എന്റെ പാണ്ടുരംഗനെ ആത്മാർത്ഥമായി ഞാൻ പ്രാർത്ഥിക്കുന്നുണ്ടല്ലോ? എന്റെ കൃഷ്ണൻ എനിക്ക് പ്രത്യക്ഷനാണ് എന്ന വിവരം ഇവർക്ക് അറിയുമോ ഇല്ല യോ? പണ്ടരീപുരത്തുള്ള കൃഷ്ണനെ പ്രാർത്ഥിക്കുന്ന ഭക്തർക്ക് സമമായി ലോകത്തിൽ ആരാണ് ഉള്ളത്?

ഇവ്വിധ ചിന്തയാൽ അഹങ്കാരം കൊണ്ട് അദ്ദേഹത്തി ന്റെ ശിരസ്സ് ഉയർന്നു. നാമദേവരെ നമസ്ക്കരിച്ച ഞ്ജാന ദേവർ തന്റെ സഹോദരങ്ങളോടും അദ്ദേഹത്തെ നമസ് ക്കരിക്കുവാൻ പറഞ്ഞു. സഹോദരന്മാർ രണ്ടുപേരും അദ്ദേഹത്തെ നമസ്ക്കരിച്ചു. പക്ഷേ അദ്ദേഹത്തിന്റെ

സഹോദരി മുക്ത നാമദേവരെ നമസ്ക്കരിച്ചില്ല. അവൾ വികൃതി ദൃഷ്ടിയോടുകൂടി അദ്ദേഹത്തെ നോക്കിക്കൊണ്ടിരുന്നു. നാമദേവരുടെ ഉള്ളിലുള്ള അഹങ്കാരത്തെ അവൾ മനസിലാക്കി.

സഹോദരാ, ചന്ദനമരത്തിൽ ഒരു വിഷച്ചെടി ചുറ്റിയാൽ അത് ചന്ദനമരമായാലും പ്രയോജനമുണ്ടോ? നാമദേവർ എന്ന ചന്ദനമരത്തെ അഹങ്കാരം എന്ന വിഷച്ചെടി ചുറ്റിയിരിക്കുന്നു. ഞാൻ ഇദ്ദേഹത്തെ നമസ്ക്കരിച്ചാൽ ആ വിഷച്ചെടിയെക്കൂടി ചേർത്ത് നമസ്ക്കരിക്കുന്നതുപോലെ ആകില്ലേ? ഒരിക്കലും ഒരു വിഷച്ചെടിയെ ഞാൻ നമസ്ക്കരിക്കുകയില്ല. ആ പെൺകുട്ടിയുടെ എടുത്തടിച്ചുള്ള മറുപടി നാമദേവരുടെ മനസിൽ ആഴത്തിൽ തറച്ചു. അദ്ദേഹം മൗനം പാലിച്ചു. പക്ഷേ ഞ്ജാനദേവർ തന്റെ സഹോദരിയെ ഇങ്ങനെ പറയാൻ പാടില്ല എന്ന് ഉപദേശിച്ചു. മുക്താ നമ്മളേക്കാൾ പ്രായം കൂടിയയാളാണ് അദ്ദേഹം. പ്രായമായവരെ ബഹുമാനിക്കണം എന്നതാണ് നമ്മുടെ ആചാരം ആവാം, പക്ഷേ ഭക്തിയിൽ പ്രായം കണക്കാക്കുന്നത് ഉചിതമല്ല. ഭക്തിയുടെ ആഴമാണ് പ്രധാനം.

'ഭക്തി' എന്ന പാൽക്കുടത്തിൽ ഒരുതുള്ളി അഹങ്കാരം എന്ന 'വിഷം' കലർന്നാൽ പാൽ പ്രയോജനപ്പെടുകയില്ല. സഹോദരാ ഇദ്ദേഹം ഭക്തിയുള്ള ആൾ തന്നെ, ആ മര്യാദ എനിക്ക് അദ്ദേഹത്തിനോടുണ്ട്. പക്ഷേ അദ്ദേഹത്തിന് ഇന്നും പക്വത വന്നിട്ടില്ല. പക്വതയെക്കുറിച്ച് മനസ്സിലാക്കണമെങ്കിൽ 'ഗോരാകുമ്പരെ' തന്നെ വിളിക്കണം. ഗോരാകുമ്പരെ താങ്കൾ എവിടെയാണ്? ഇവിടം വരെ ഒന്നുവന്നാലും, പണ്ഡരീനാഥന്റെ മറ്റൊരു പരമഭക്തനാണ് 'ഗോരാകുമ്പർ'. കുശവസമുദായ അംഗമാണ് അദ്ദേഹം. മുക്ത വിളിച്ച ഉടൻ അദ്ദേഹം ഓടിയെത്തി. മുക്ത ഗോരാകുമ്പരോട് സംസാരിക്കുവാൻ തുടങ്ങി. ഗോരാകുമ്പരേ ഇവിടെ ഞങ്ങൾ നാലുപേരും നാമദേവരെയും കൂടിച്ചേർത്ത് 5 പേരുണ്ട്. ഞങ്ങളുടെ 'തലച്ചോർ' എന്ന മൺപാത്രത്തിൽ ഏത് പാത്രമാണ് പക്വതയില്ലാതെ ഉടഞ്ഞുപോകുന്നത് എന്ന് തട്ടിനോക്കി പറയാമോ? ഗോരാകുമ്പർ തന്റെ കൈകൊണ്ട് ഓരോരുത്തരുടെ തലയും തട്ടിനോക്കി പരിശോധിച്ചു. നാമദേവരുടെ തല തട്ടിയപ്പോൾ അതിനകത്തിരുന്ന അഹങ്കാരം 'ണൺ' എന്ന ശബ്ദം ഉണ്ടാക്കി. നാമദേവരുടെ തലച്ചോറിനെ ജീവിതം എന്ന ചൂളയിൽ വച്ച് എടുക്കണം, അത് ഇന്നും ശരിയായി വെന്തിട്ടില്ല. ഭാവിയിൽ അത് വേകുമോ? പ്രയോജനപ്പെടുമോ? പറയാൻ പറ്റില്ല 'കൃഷ്ണന്റെ അനുഗ്രഹം ഉണ്ടെങ്കിൽ അത് വേകും അല്ലെങ്കിൽ മരണം വരെ അത് വേകാതെ ഇരിക്കാം'.

അപ്രകാരം പറഞ്ഞുകൊണ്ട് പണ്ഡരീനാഥന്റെ നാമം ഉച്ചരിച്ചുകൊണ്ട് അദ്ദേഹം വിടവാങ്ങി. ഞ്ജാനദേവനും സഹോദരീസഹോദരങ്ങളുംകൂടി കൃഷ്ണന്റെ തിരുനാമങ്ങൾ പാടിക്കൊണ്ട് അടുത്ത ദേവദർശനത്തിനായി അവിടം വിട്ടുപോയി. നാമദേവർ മാത്രം അതേ സ്ഥലത്ത് തീച്ചൂളയിൽ അകപ്പെട്ടതുപോലെ നിന്നു. കൃഷ്ണാ എനിക്ക് മറുപടി തരൂ എന്ന് അവകാശത്തോടെ ചോദിച്ചു.

ഇടുപ്പിൽ കൈവച്ച് ചെങ്കൽമേൽ നിന്ന കൃഷ്ണൻ ചെങ്കൽ വിട്ട് ഇറങ്ങി. നാമദേവന്റെ കവിളത്തുവീണ കണ്ണുനീർ തുടച്ചു. അതിനുശേഷം അനുഗ്രഹവർഷത്തോടെ സംസാരം തുടങ്ങി.

'നാമദേവരെ', ഞ്ജാനദേവനുൾപ്പെട്ട 4 പേരും ഗോരാകുമ്പരും എന്നെ ഉള്ളത് ഉള്ളതുപോലെ അറിഞ്ഞവരാണ്. എല്ലാ സന്നിധിയിലും ശിവൻ ഉൾപ്പെടെ എല്ലാ രൂപങ്ങളിലും ഇരിക്കുന്നത് ഞാൻ തന്നെയാണ് എന്ന് അറിഞ്ഞവരാണ് അവർ. പക്ഷേ, നീ എന്നെ നേരിൽക്കണ്ട് സംസാരിച്ചിട്ടും എന്റെ കൃഷ്ണരൂപം അല്ലാതെ ദൈവശക്തിക്ക് വേറെ രൂപമേ ഇല്ല എന്നും പണ്ഡരീപുരം എന്ന തിരുസന്നിധിയിലല്ലാതെ വേറൊരു സന്നിധിയിലും ദൈവത്തെ കാണാൻ സാധിക്കില്ല എന്നും വിചാരിക്കുന്നു. ഗോരാകുമ്പർ പറഞ്ഞത് ശരിയാണ് നിനക്കിനിയും 'പക്വത' വേണം. അതിനുവേണ്ടി 'വിശോഭാഗേഷർ' എന്ന മഹാന്റെ അടുത്തുപോയി ശിഷ്യത്വം സ്വീകരിക്കൂ. ലോകമെങ്ങും നിറഞ്ഞവനാണ് ഞാൻ. ഞാൻ ഇല്ലാത്ത ഇടമില്ല എന്നും പണ്ഡരീപുരം ഞാൻ ഇരിക്കുന്ന ഇടങ്ങളിൽ ഒന്നുമാത്രമാണെന്നും അറിഞ്ഞുകൊള്ളുക. അതോടെ, 'എനിക്ക് ഈ കൃഷ്ണരൂപം മാത്രമല്ല അതാത് ജാതിമത സമ്പ്രദായങ്ങളിൽ അനുയോജ്യമായ രൂപം ഉണ്ട് പല രൂപങ്ങളായി ഇത്രയും പറഞ്ഞ് കണ്ണൻ അപ്രത്യക്ഷമായി.

നാമദേവർ വിശോഭാഗേഷരെ അന്വേഷിച്ചുനടന്നു. ആ പണ്ഡിതശ്രേഷ്ഠൻ ഒരു ശിവക്ഷേത്രത്തിൽ ഉറങ്ങിക്കൊണ്ടിരുന്നു. ഉറങ്ങുകയാണോ അല്ല ഉറക്കം നടിക്കുകയാണോ എന്ന് മെല്ലെ അരികത്ത് ചെന്ന് നാമദേവർ നോക്കി. എന്തനർത്ഥമാണിത്? അദ്ദേഹത്തിന്റെ കാലുകൾ ആ സമയം ശിവലിംഗത്തിന്റെ പുറത്തായിരുന്നു. ആഹാ ശിവനും തന്റെ രൂപമാണ് എന്നല്ലേ കണ്ണൻ പറഞ്ഞത്. അപ്പോൾ ശിവലിംഗത്തിന്റെ പുറത്ത് കാൽവയ്ക്കുന്നത് ശരിയായ നടപടിയല്ലല്ലോ? നാമദേവർ പതുക്കെ ആ കാലുകൾ പിടിച്ച് ശിവലിംഗത്തിന്റെ പുറത്തുനിന്നും മാറ്റി താഴെവച്ചു. അക്ഷണം പുതിയ ശിവലിംഗം അവിടെ ഉടലെടുത്തു. ആ പുതിയ ശിവലിംഗത്തിലും അദ്ദേഹം കാലുകൾ ഉയർത്തിവച്ചു.

നാമദേവർ കാലുകൾ ഉയർത്തിവയ്ക്കുമ്പോഴെല്ലാം അവിടെ പുതിയ ശിവലിംഗങ്ങൾ ഉടലെടുത്തുകൊണ്ടേയിരുന്നു. അതിനാൽ അദ്ദേഹം കൈകാലുകൾ കുഴഞ്ഞ് ക്ഷീണിതനായി അത്ഭുതത്തോടെ എവിടെ നോക്കിയാലും 'ശിവലിംഗങ്ങൾ' മാത്രം ദർശിച്ചു. പുഞ്ചിരിതൂവിക്കൊണ്ട് വിശോഭാഗേഷർ എഴുന്നേറ്റിരുന്നു.

'കൃഷ്ണനാൽ എന്റെ അരികിൽ അയയ്ക്കപ്പെട്ട ശിഷ്യനേ നിനക്ക് സത്യം മനസ്സിലായോ? കൃഷ്ണൻ സർവ്വവ്യാപിയാണ് അദ്ദേഹം എല്ലാ രൂപങ്ങളിലും ഉണ്ട് എന്ന് ഞാൻ മനസ്സിലാക്കി ഗുരുവേ എന്ന് പറഞ്ഞ് നാമദേവർ അദ്ദേഹത്തെ സാഷ്ടാംഗം നമസ്ക്കരിച്ചു.

ഭഗവാന്റെ സത്തയെക്കുറിച്ച് ഒരു വലിയ സത്യം മനസ്സിലാക്കിയ അദ്ദേഹത്തിന്റെ നേത്രങ്ങളിൽ നിന്നും ആനന്ദാശ്രുക്കൾ പൊഴിഞ്ഞു.